നടത്തിയില്ലെങ്കിൽ ശമ്പളം കിട്ടുകയില്ലെന്ന് അദ്ധ്യാപകർക്ക് അറിയാമായിരുന്നു. ഇവർ മനഃപൂർവ്വമായി സമരമുണ്ടാക്കുകയും മറ്റു ചില ആളുകളുടെ സഹായ സഹകരണത്തോടുകൂടി ട്രെയിനിംഗ് ക്ലാസുകൾ അലങ്കോലപ്പെടുത്തുകയും ഒക്കെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ജൂലൈ മാസത്തിൽ ഫിക്സേഷൻ നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. സർക്കാരല്ല അവർക്ക് ശമ്പളം കൊടുക്കാതിരുന്നത്. അവർ സ്വമേധയാ ഉണ്ടാക്കിയ ചില പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ സ്ഥിതിവിശേഷം സംജാതമായിരിക്കുന്നത്. എന്താണെങ്കിലും ഫിക്സേഷൻ പൂർത്തിയാവാതെ ശമ്പളം കൊടുക്കാൻ നിർവ്വാഹമില്ല എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. അതിൽനിന്നും മാറ്റംവരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(33) ധീവര സമുദായത്തെ പട്ടികജാതിയിൽപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. വി. ദിനകരൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനാഗ്രഹിക്കുകയാണ്. കേരളത്തിലെ പരമ്പരാഗത മൽസ്യ തൊഴിലാളി സമുദായമാണ് ധീവര സമുദായം. ഈ വിഭാഗത്തെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യണമെന്നാണ് മുഖ്യമന്ത്രിയോട് പറയാനുള്ളത്. മണ്ഡൽ കമ്മീഷൻ ഈ വിഭാഗത്തെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കിർത്താഡ്സ് സമർപ്പിച്ച വിശദമായ റിപ്പോർട്ടിലും ഈ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അവർ കൊടുത്ത റിപ്പോർട്ടിന്റെ റൈറ്റിൽ തന്നെ..... The Hindu-Fisher folk of Kerala why they were not classified as Scheduled Caste.....എന്നാണ്. ഈ വിഭാഗത്തെ ഒ.ഇ സി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബി സമുദായത്തെ ഒ. ഇ സി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബി സമുദായത്തെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതുകൊണ്ട് ഈ സമുദായത്തെ ഒ.ഇ.സി. യിൽ ഉൾപ്പെടുത്താൻ ഭയാപൂർവ്വം ശ്രമിച്ച മുഖ്യമന്ത്രി ഈ കാര്യത്തിൽ അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഈ കാര്യത്തിൽ മുഖ്യമന്ത്രിക്കും ഗവൺമെന്റിനും അനുഭാവമാണുള്ളത്. എങ്കിൽപ്പോലും അതിന് സ്വീകരിക്കേണ്ട ചില നടപടിക്രമങ്ങളുണ്ട്. ധീവരസമുദായത്തെ സമുദായമായി കരുതിയിട്ടില്ല. മൽസ്യ തൊഴിലാളികളിൽതന്നെ വിവിധ സമുദായത്തിൽപ്പെട്ട ആളുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമുദായമാണ് ധീവരസമുദായം എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ പോലും കിർത്താഡ്സിന്റെ ശുപാർശയിൽ അതിൽ ഏതാനും ചിലരെ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അവരുടെ സാമൂഹ്യ സാമ്പത്തിക സർവ്വെകൂടി നടത്തിയതിനുശേഷം തീർച്ചയായും ധീവര എന്നു പറയുന്നതിലെ ഉപജാതികളുൾപ്പെടെ എല്ലാവരേയും ഹരിജനങ്ങളായി ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

(34) തിരുവനന്തപുരം ആകാശവാണി നിലയത്തിലെ മലയാളം പരിപാടികൾ കുറയ്ക്കുന്നതു സംബന്ധിച്ച്

ശ്രീ. പന്തളം സുധാകരൻ : സർ, അടുത്തകാലത്തായി ആകാശവാണിയുടെ തിരുവനന്തപുരം നിലയം മലയാളഭാഷയിലുള്ള പരിപാടികൾ കുറച്ചുകൊണ്ടുവരുന്നകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്. ഇക്കണക്കിനുപോയാൽ കാലാന്തരത്തിൽ മലയാളഭാഷയെത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി അവഗണിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ സശ്രദ്ധം കേട്ടുകൊണ്ടിരുന്ന, ആകാശവാണി പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്ന ലളിത സംഗീതപാഠം കഴിഞ്ഞ ഒരു വർഷമായി നിർത്തിവച്ചിരിക്കുകയാണ്. അതിനുപകരം പാശ്ചാത്യ ഡിസ്കോ സംഗീതവും തമിഴ് പരിപാടികളുമൊക്കെയാണ് കൂടുതലായി ഉൾക്കൊള്ളിച്ചുകൊണ്ടിരിക്കുന്നത്. തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മലയാളം പരിപാടികൾ കുറയ്ക്കുന്ന നടപടിക്കെതിരെ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : തിരുവനന്തപുരം ആകാശവാണി കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. അതിൽ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മിനിസ്ട്രിയുടെ ഗൈഡ്-ലൈൻ അനുസരിച്ചാണ് പ്രോഗ്രാം ഫിക്സ് ചെയ്യുന്നത്. എങ്കിലും ശരി മലയാളത്തിലുള്ള പരിപാടികൾ കുറവുചെയ്തിട്ടുണ്ടെങ്കിൽ കുറവുചെയ്യരുതെന്നും കൂടുതൽ അനുവദിക്കണമെന്നുമുള്ള കാര്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരും.

(35) ചെന്നിത്തല കൊക്കേരി ഫാം തൊഴിലാളികളുടെ നേരെയുള്ള പോലീസ് മർദ്ദനവും കള്ളക്കേസ്സുകളും

ശ്രീ. എം. കെ. കേശവൻ : സർ, മാവേലിക്കര താലൂക്കിൽ ചെന്നിത്തല വില്ലേജിൽ കൊക്കേരി ഫാം എന്നൊരു കൃഷിത്തോട്ടമുണ്ട്. പി. സി. കോശി എന്ന ആൾ നടത്തിവരുന്ന ഈ കൃഷിത്തോട്ടത്തിൽ 36-ഓളം കർഷകത്തൊഴിലാളികൾ പണിയെടുത്തിരുന്നു. കഴിഞ്ഞ ഓണക്കാലത്ത് ആ കർഷക തൊഴിലാളികൾ 25 രൂപ ഓണാവശ്യത്തിനു വേണമെന്നുപറഞ്ഞ് ആവശ്യപ്പെട്ടതുകൊണ്ട് അവരുടെ പേരിൽ കള്ളക്കേസുണ്ടാക്കി അവരെ പോലീസിനെക്കൊണ്ട് പിടിപ്പിച്ച് അറസ്റ്റ് ചെയ്യിപ്പിച്ച് കോടതിയിൽവരെ കൊണ്ടുപോയി. ഈ തൊഴിലാളികളെ കണ്ടമാനം മർദ്ദിച്ചിരിക്കുന്നു അവിടെയുള്ള വാച്ചർ രാമലിംഗം ഉൾപ്പെടെയുള്ള നാലുപേരെ മർദ്ദിച്ചിരിക്കുന്നു. ആലപ്പുഴ എസ്. പി. യും ചെങ്ങന്നൂർ ഡി. വൈ. എസ്. പി. യുമാണ് ഇതിന് സഹായമായി നിന്നു കൊടുക്കുന്നത്. അതിന്റെ ഫലമായി ഈ പാവപ്പെട്ട തൊഴിലാളികളെ മർദ്ദിക്കുകയും അവരുടെ തൊഴിൽ നിഷേധിക്കുകയും ഈ ഉടമകളുടെ ഗുണ്ടകളും മറ്റ് ആളുകളും ചേർന്നുകൊണ്ട് കഷ്ടപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. തൊഴിൽ പ്രശ്നങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ല എന്ന വ്യവസ്ഥക്ക് എതിരായിട്ട് പോലീസ് ഇടപെട്ട് പാവപ്പെട്ട ആളുകളുടെ പേരിൽ കള്ളക്കേസുണ്ടാക്കുന്നു, മർദ്ദിക്കുന്നു. ആവശ്യമായ നടപടിക്രമം സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, അവിടെ ഒരു സമരം കുറച്ചുനാളുകളായി നടക്കുന്നുണ്ട്. സാധാരണഗതിയിൽ തൊഴിൽ സമരങ്ങളുണ്ടായാൽ പോലീസ് ഇടപെടാറില്ല. മറ്റുചില പ്രത്യേക പരാതികളുടെ പുറത്ത് കേസ് എടുത്തിട്ടുണ്ട്. ഏതായാലും തൊഴിലാളികളെ ആവശ്യമില്ലാതെ ഉപദ്രവിക്കുന്നതു ശരിയല്ല എന്ന ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ സമരം എത്രയും വേഗം ഒത്തുതീർപ്പിലെത്തിക്കാൻ കഴിയുമെന്നാണ് സമരം നടത്തുന്നവരും എല്ലാവരും പ്രതീക്ഷിക്കുന്നത്. ഏതായാലും പോലീസിന്റെ ഭാഗത്തുനിന്നും സമരംപൊളിക്കാൻവേണ്ടിയുള്ള നടപടികളുണ്ടാകരുതെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly